# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 216 — 19.06.2013-ലെ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ പുതിയ മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. ബേബി :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്ത് ആരംഭിക്കുന്ന പുതിയ മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തിയതൊഴികെ, ആശുപത്രി വികസനത്തിനായി എന്തൊക്കെ പ്രവൃത്തികൾ നടത്തി ; അതിനായി തുക ചെലവഴിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ ; ആശുപത്രി വികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തിരുവനന്തപുരം ജനറൽ ആശുപത്രിയുടെയും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ജനറൽ ആശുപത്രി കോമ്പൗണ്ടിൽ മെഡിക്കൽ കോളേജിനായുള്ള അക്കാദമിക് ബ്ലോക്കിന്റെ ശിലാസ്ഥാപനം നടത്തി. വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു. പദ്ധതി നടത്തിപ്പിനായി ഈ സാമ്പത്തികവർഷം 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) തിരുവനന്തപുരം ജില്ലയിലെ ദൂരപ്രദേശങ്ങളിലുള്ളവർക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പുതിയ മെഡിക്കൽ കോളേജ് നഗരത്തിന് പുറത്തെവിടെയെങ്കിലും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ; | (ബി) ജനറൽ ആശുപത്രി കോമ്പൗണ്ടിലാണ് പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ പ്രയോജനം തിരുവനന്തപുരം ജില്ലയിലും, പരിസരപ്രദേശത്തുള്ളവർക്കും ലഭ്യമാകുന്നതാണ്. ജനറൽ ആശുപത്രിയിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനാൽ മൂലധനച്ചെലവ് കുറയ്ക്കാൻ കഴിയും. |

**(P.T.O.)**

| | |
|---|---|
| (സി) സാധാരണ ജനങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ജനറൽ ആശുപത്രിയും, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും റഫറൽ കേന്ദ്രമാക്കി മാറ്റുമ്പോൾ പകരം തത്തുല്യമോ അല്ലെങ്കിൽ താരതമ്യപ്പെടുത്താവുന്നതോ ആയ ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (സി) മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ജനറൽ ആശുപത്രിയിലെയും, തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു എന്ന് മാത്രമേ ഉള്ളു. ടി ആശുപത്രികൾ ആരോഗ്യ വകുപ്പിന് കീഴിൽ തന്നെ നിലനിർത്തുന്നതും സാധാരണക്കാർക്ക് നൽകുന്ന ചികിത്സ തുടർന്ന് നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ